## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ: 4931

30.06.2014-ൽ
മറുപടിയ്ക്ക്

### സെക്രട്ടേറിയറ്റിൽ 'ഇ -ഫയലിംഗ്' പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി

| ചോദ്യം<br>ശ്രീ. കെ. രാധാകൃഷ്ണൻ | ഉത്തരം<br>ശ്രീ. ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |
|---|---|
| എ) സെക്രട്ടേറിയറ്റിൽ 'ഇ-ഫയലിംഗ്' നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യ മാക്കുമോ; | എ)സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകളിലും കേന്ദ്ര സർക്കാർ സ്ഥാപനമായ നാഷണൽ ഇൻഫർമാറ്റിക്സ് സെന്റർ (NIC) തയ്യാറാക്കിയ "ഇ-ഓഫീസ് "എന്ന കടലാസ് രഹിത ഫയൽ സംവിധാനം നടപ്പിലാക്കുന്നതിന് 24/08/2013 ലെ G.O(Ms) 10/2013/ITD പ്രകാരവും ടി സംവിധാനം രണ്ടു ഘട്ടങ്ങളായി നടപ്പി ലാക്കുന്നതിന് 24/02/2014 ലെ G.O (Ms).No.11/2014/ITD പ്രകാരവും ഉത്തരവായിട്ടുണ്ട്. |
| ബി) 'മാന്വൽ' ഫയലിംഗിലെ എല്ലാ ഓപ്ഷനുകളും 'ഇ-ഫയലിംഗിൽ' ഉറപ്പുവരുത്തിക്കൊണ്ടാണോ ആയത് നടപ്പാക്കിയതെന്ന് അറിയിക്കുമോ; | ബി) 'മാന്വൽ ' ഫയലിംഗിലെ എല്ലാ ഓപ്ഷനുകളും 'ഇ-ഫയലിംഗിൽ' ലഭ്യമാണ് |
| സി) സെക്ഷനുകളിൽനിന്ന് 'ഇ-ഫയൽ' ചെയ്യുന്ന ഫയലുകൾ മുൻകാലങ്ങളിൽ 'മാന്വൽ' ഫയലുകളുടെ കാര്യത്തിൽ ചെയ്യുന്നതു പോലെ സെർച്ച് ചെയ്യാനും ഏത് ഉദ്യോഗസ്ഥന്റെയടുത്താണെന്ന് ലൊക്കേറ്റ് ചെയ്യാനും കഴിയാതിരിക്കുന്ന സാഹചര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | സി&ഡി)'ഇ ഓഫീസ്' സംവിധാനത്തിൽ മാന്വൽ' ഫയലുകളുടെ കാര്യത്തിൽ ചെയ്യുന്നതു പോലെ ഫയലുകൾ സെർച്ച് ചെയ്യാനും ഏത് ഉദ്യോഗസ്ഥന്റെ യടുത്താണെന്ന് ലൊക്കേറ്റ് ചെയ്യാനുമുള്ള സൗകര്യങ്ങൾ ലഭ്യമാണ്. ഇതുസംബന്ധിച്ച് പരാതികളൊന്നും ശ്രദ്ധയിൽ പ്പെട്ടിട്ടില്ല. |
| ഡി) വളരെ അടിയന്തിര പ്രാധാന്യവും ഗൗരവ സ്വഭാവമുള്ളതുമായ ഫയലുകൾ ഇപ്രകാരം കണ്ടെത്താനാകാതെ തടസ്സപ്പെട്ട് കിടക്കുന്ന സാഹചര്യം പരിഗണിച്ച് എത്രയും വേഗം ഈ തടസ്സങ്ങൾ പരിഹരിക്കുവാൻ നടപടികൾ സ്വീകരിക്കുമോ ? | |

സെക്ഷൻ ഓഫീസർ